Rediffusion/Edelman

Coverage Report: TCS IT Wiz – Kochi Edition



ടി.സി.എസ് ഐ.ടി വിസ്-2016 കൊച്ചി എഡിഷൻ ജേതാക്കളായ നേവി ചിൽഡ്രൻ സ്കൂളിലെ നന്ദു കൃഷ്ണൻ, അർജുൻ സുനിൽ എന്നിവർ ദിനേശ് പി തമ്പി, പ്രഫ. കുഞ്ചെറിയ പി ഐസക്ക് എന്നിവരിൽ നിന്ന് ഉപഹാരം സ്വീകരിക്കുന്നു

## ടി.സി.എസ് ഐ.ടിവിസ് ക്വിസ്: നേവി ചിൽഡ്രൻ സ്കൂൾ ജേതാക്കൾ

കൊച്ചി: പ്രമുഖ ഐ.ടി കമ്പനിയായ ടി.സി.എസ് സംഘടിപ്പിച്ച ഐ.ടി വിസ്-2016 ക്വിസ് മത്സരത്തിൽ നേവി ചിൽഡ്രൻസ് സ്കൂൾ ജേതാക്കളായി. നന്ദു കൃഷ്ണൻ, അർജുൻ സുനിൽ എന്നിവരടങ്ങിയതായിരുന്നു ടീം. എരൂർ ഭവൻസ് വിദ്യാമന്ദിറിലെ അശ്വിൻ എം. പ്രഭു, അതുൽ സത്യൻ എന്നിവർ രണ്ടാംസ്ഥാനത്തെത്തി. കലൂർ ഗോകുലം പാർക്കിൽ നടന്ന ഫൈനലിൽ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിന്നായി ആയിരത്തിലധികം വിദ്യാർത്ഥികൾ പങ്കെടുത്തു. ഡീഫോൾട്ട് ഈസ് ഡിജിറ്റൽ എന്നതായിരുന്നു വിഷയം. മെഡലുകൾക്കും ട്രോഫികൾക്കും പുറമെ വിജയികൾക്ക് ഐ പാഡ് എയറും സമ്മാനമായി നൽകി. ഒന്നാം സ്ഥാനം നേടിയ ടീമിന് ദശീയ ഫൈനലിൽ പങ്കെടുക്കാൻ മാതാപിതാക്കൾക്കൊപ്പമോ അധ്യാപകർക്കൊപ്പമോ മുംബൈയിലേക്ക് പോകാൻ അവസരം ലഭിക്കും. കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി വൈസ്ചാൻസിലർ പ്രഫ.കുഞ്ചെറിയ പി ഐസക്ക്, ടിസിഎസ് ഡെലിവറി സെന്റർ മേധാവി ദിനേശ് പി തമ്പി എന്നിവർ ചേർന്ന് വിജയികൾക്ക് സമ്മാനങ്ങൾ നൽകി.